പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4390** **25.06.2019-ൽ മറുപടിക്ക്**

**അഴീക്കോട്-മുനമ്പം പാലത്തിന്റെ നടപടിക്രമങ്ങൾ**

**ചോദ്യം**

**ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ**

(എ) തൃശ്ശൂർ, എറണാകുളം തീരദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതും തീരദേശഹരിത പാതയുടെ ഭാഗവുമായ അഴീക്കോട്-മുനമ്പം പാലത്തിന്റെ നടപടിക്രമങ്ങൾ അനന്തമായി നീളുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; രണ്ടു പ്രാവശ്യം തറക്കല്ലിട്ടിട്ടുള്ള പ്രസ്തുത പാലം നിർമ്മാണത്തിന്റെ നടപടിക്രമങ്ങൾ ആരംഭിച്ചിട്ട് എത്രവർഷമായി എന്നറിയിക്കാമോ;

(ബി) നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) എത്രനാളുകൾക്കുള്ളിൽ ഇതിന്റെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുമെന്നാണ് കരുതുന്നത്;

**മറുപടി**

**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) & (ബി) 2017-18 ബഡ്ജറ്റ് പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി സ.ഉ(സാധാ) നം.942/2017/ പൊ.മ.വ തീയതി 10/07/2017 പ്രകാരം 160 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 14.616 കോടി രൂപയുടെ സാമ്പത്തികാനുമതി ഭൂമി ഏറ്റെടുക്കലിന് മാത്രമായി ലഭിച്ചു. പുതുക്കിയ LARR ACT 2013 പ്രകാരം സ്ഥലമേറ്റെടുക്കലിനായുള്ള അർത്ഥനാ ഫോറം റവന്യൂ വകുപ്പിലേയ്ക്ക് 2017-ൽ സമർപ്പിച്ചിരുന്നു. കണ്ടിജൻസി ചാർജ് അടച്ചതിന്റെ അടിസ്ഥാനത്തിൽ ഇരുഭാഗത്തേയും ഭൂമി ഏറ്റെടുക്കൽ നടപടികളും സാമൂഹ്യ പ്രത്യാഘാത പഠനവും പുരോഗമിച്ചു കൊണ്ടിരിക്കുന്നു. അഴീക്കോട് ഭാഗത്തെ ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള NOC വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല.

പാലത്തിനും അനുബന്ധ റോഡ് നിർമ്മാണത്തിനുമായുള്ള സാമ്പത്തികാനുമതിക്കായി പുതുക്കിയ ടെന്റേറ്റീവ് ഡിസൈൻ പ്രകാരമുള്ള എസ്റ്റിമേറ്റും ഡി.പി.ആറും ഉടൻ തന്നെ കിഫ്ബിയിലേയ്ക്ക് സമർപ്പിക്കുന്നതാണ്.

(സി) ഭൂമി ഏറ്റെടുക്കലിനായി കിഫ്ബിയിൽ നിന്ന് സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. പാലം നിർമ്മാണത്തിനായുള്ള സാമ്പത്തികാനുമതിക്കായി ഡി.പി.ആർ കിഫ്ബിയിലേയ്ക്ക് ഉടൻ തന്നെ സമർപ്പിക്കുന്നതാണ്. കിഫ്ബിയിൽ നിന്ന് സാമ്പത്തികാനുമതി ലഭിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതാണ്.

| | | | |
|---|---|---|---|
| (ഡി) | നടപടിക്രമങ്ങൾ അതിവേഗം പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | പ്രവൃത്തി കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിനായി സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. ആയതിൽ നിന്ന് കണ്ടിജൻസി ചാർജ് റവന്യൂ വകുപ്പിലേക്ക് അടച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ